LIBRARY ARCHIVES Kerala Legislative Assembly

മൂന്നാറിലെ ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം

151 [2123] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ മൂന്നാറിലെ ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റേയും അനുബന്ധ സ്റ്റേഡിയത്തിന്റേയും ഉദ്ഘാടനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതാണോ;

(സി) ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിൽ കോച്ചിംഗ് കൊടുക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്;

(ഇ) ഏതെല്ലാം വിഭാഗത്തിലാണ് പ്രധാനമായും കോച്ചിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അല്ല.

(സി) കോമ്പൗണ്ടിനുള്ളിൽ മണ്ണ് നിറയ്ക്കലും ചുറ്റുമതിൽ കെട്ടലും പൂർത്തീകരിച്ചിട്ടുണ്ട്. ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, ഹോസ്റ്റൽ സമുച്ചയം മുതലായവയുടെ നിർമ്മാണത്തിനായി കോൺട്രാക്റ്റ് നൽകിയിട്ടുണ്ട്. മരാമത്ത് പണികൾ പുരോഗമിച്ചുവരുന്നു. വൈകാതെ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കോച്ചിംഗ് കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ഇ) അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹോക്കി, ബാസ്കറ്റ്ബോൾ, വോളീബോൾ, ടെന്നീസ് എന്നീ കളിയിനങ്ങളിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്.

മൂന്നാറിൽ സ്പോർട്സ് അക്കാദമി തുടങ്ങുവാൻ നടപടി

152 [2124] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചറസ് സ്പോർട്സ് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്നാറിൽ സ്പോർട്സ് അക്കാദമി തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;